ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. വി. എ. അരുൺകുമാർ കയർഫെഡിന്റെ മാനേജിംഗ് ഡയറക്ടർ ആയിരിക്കെ ഗോഡൗൺ നിർമ്മാണവുമായി ബന്ധപ്പെട്ട് കോൺട്രാക്ടർ, കൺസൾട്ടന്റ് എന്നിവരുമായി ചേർന്ന് ഗൂഢാലോചന നടത്തി എന്നതിനെ സംബന്ധിച്ചാണ് കേസ് നിലവിലുള്ളത്.

(സി) വി.സി.03/2014/എസ്.സി.റ്റി. എന്ന നമ്പറിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് തിരുവനന്തപുരം വിജിലൻസ് കോടതിയിൽ പ്രഥമവിവര റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഡി) കേസിന്റെ അന്വേഷണം പുരോഗമിച്ചുവരുന്നു.

മുൻ മുഖ്യമന്ത്രി തന്റെ ബന്ധുവിന് ഭൂമി അനുവദിച്ചത് സംബന്ധിച്ച കേസിന്റെ അന്വേഷണം

301 (311) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി തന്റെ ബന്ധുവിന് ഭൂമി അനുവദിച്ചത് സംബന്ധിച്ച കേസിന്റെ അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത കേസിൽ ആർക്കെല്ലാമെതിരെയാണ് കുറ്റപത്രം സമർപ്പിക്കാനുദ്ദേശിക്കുന്നത് ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) കേസിൻമേലുള്ള അന്തിമ റിപ്പോർട്ട് വിജിലൻസ് കോടതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) പ്രസ്തുത കേസ്സിന്റെ അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്. പ്രോസിക്യൂഷൻ അനുമതി സർക്കാരിന്റെ പരിഗണനയിലാണ്. ശ്രീ. വി. എസ്. അച്യുതാനന്ദൻ ബഹു.ഹൈക്കോടതിയിൽ (സിങ്കിൾ ബഞ്ച്) നൽകിയ ഹർജി പരിഗണിച്ച് ശ്രീ. വി. എസ്. അച്യുതാനന്ദന്റെ പേര് എഫ്.ഐ.ആർ. പട്ടികയിൽനിന്നും നീക്കിയിരുന്നത് ഡിവിഷൻ ബഞ്ച് സ്റ്റേ ചെയ്തിരുന്നു. സ്റ്റേ നിലനിൽക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രോസിക്യൂഷൻ അനുമതികിട്ടുന്നമുറയ്ക്ക് ബന്ധപ്പെട്ടവർക്കെതിരെ കുറ്റപത്രം സമർപ്പിക്കുന്നതാണ്.

(സി) സ്റ്റേ നിലനിൽക്കുന്നതിനാൽ അന്തിമറിപ്പോർട്ട് സമർപ്പിക്കുന്ന കാര്യത്തിൽ തീരുമാനം ആയിട്ടില്ല.

എക്സൈസ് വകുപ്പുമന്ത്രിക്കെതിരെയുള്ള ആരോപണങ്ങൾ

302 (312) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പുമന്ത്രിക്കെതിരെ ബാർക്കോഴയുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആരോപണങ്ങൾ എന്തെല്ലാമായിരുന്നു.;

(ബി) ഏതെല്ലാം പരാതികളിന്മേലും സ്റ്റേറ്റ്മെന്റുകളിന്മേലുമാണ് വിജിലൻസ് പ്രാഥമിക പരിശോധന നടത്തിയിരുന്നത്; വിശദമാക്കാമോ ;

(സി) അഴിമതി നിരോധന നിയമത്തിലെ ഏതെല്ലാം വ്യവസ്ഥകൾ പ്രകാരമാണ് പരാതികളിന്മേൽ അന്വേഷണം നടത്താറുള്ളത്;

(ഡി) എക്സൈസ് വകുപ്പുമന്ത്രിക്കെതിരായ പരാതികളിൽ അന്വേഷണം നടത്തിയത് ഇതിൽ ഏത് വ്യവസ്ഥ പ്രകാരമാണ് ; ഏതെങ്കിലും പരാതിയെ സംബന്ധിച്ച് കീക്ക് വെരിഫിക്കേഷൻ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ ;

(ഇ) ലളിതകുമാരി കേസിലെ സുപ്രീം കോടതി വിധിയുടെ വെളിച്ചത്തിലുള്ള അന്വേഷണം പ്രസ്തുത കേസിലും ഉറപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ ?

ഉത്തരം

(എ) 2012-2013 വർഷത്തിൽ 23 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്താൻ തീരുമാനിച്ച ബാർ ലൈസൻസ് ഫീ 23 ലക്ഷമായി കുറയ്ക്കാനായി എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബു പത്ത് കോടി രൂപ കൈക്കൂലി വാങ്ങിയെന്നും, ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബു പുതിയ ബാർ ലൈസൻസ് നൽകാനായി 25 ലക്ഷം രൂപയും ബിയർ ആന്റ് വൈൻ പാർലർ ലൈസൻസ് നൽകാനായി 15 ലക്ഷം രൂപയും കൈക്കൂലി വാങ്ങിയെന്നും കെ.ബി.എച്ച്.എ പ്രതിനിധികളോട് ശ്രീ. കെ. എം. മാണിക്ക് അനുകൂലമായി മൊഴി പറഞ്ഞാൽ പകരമായി ബാർ വിഷയം ഹൈക്കോടതിയുടെ

LIBRARY ARCHIVES Kerala Legislative Assembly